**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 929** **06-10-2021 - ൽ മറുപടിയ്ക്ക്**

**വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വന്യമൃഗങ്ങൾ വ്യാപകമായി കൃഷി നശിപ്പിക്കുന്നത് സംബന്ധിച്ച് കർഷകർ പരാതികൾ നൽകിയിട്ടുണ്ടോ; എങ്കിൽ അവയിൽസ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | വന്യമൃഗങ്ങൾ കൃഷിനശിപ്പിക്കുന്നത് തടയുന്നതിനായി താഴെ പറയുന്ന പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ് എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നുമുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ്സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. നാട്ടിലേക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധ പ്രദേശങ്ങളിൽ 13 സ്ഥിരം / താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾപ്രവർത്തിച്ചു വരുന്നു. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ച് വരുന്നുണ്ട്. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്ക് വെടിവെച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശിയരും |

| | | | |
|---|---|---|---|
| | | | ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള 246 ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ് ജലസംരക്ഷണ പ്രവർത്തികൾ, ചെക്ക് ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്. വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസ മേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കാട്ടുപന്നികൾ ജനവാസ മേഖലയിലും, കൃഷിയിടങ്ങളിലും നാശം വരുത്തുകയും മനുഷ്യർക്ക് പരിക്ക്, ജീവഹാനി എന്നിവ ഉണ്ടാക്കുന്ന സാഹചര്യത്തിൽ അവയെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിനും, നശിപ്പിക്കുന്നതിനും 18.05.2020-ലെ സ.ഉ.(സാധാ)നം. 111/2020/വനം, 11.01.2021 ലെ സ.ഉ.(സാധാ)നം. 5/2021/വനം, 28.01.2021-ലെ സ.ഉ. (സാധാ)നം. 25/2021/വനം എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. സ.ഉ. (സാധാ)നം. 159/2021/വനം തീയതി 29.05.2021 പ്രകാരം മേൽ ഉത്തരവുകളുടെ കാലാവധി 17.05.2022 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. വന്യജീവി ആക്രമണം മൂലം കൃഷി നാശം സംഭവിച്ച കർഷകർക്ക് 08.01.2015-ലെ സ.ഉ. (കൈ)നം. 2/2015/വനം, 05.04.2018 ലെ സ.ഉ.(കൈ) നം.17/2018/വനം എന്നീ ഉത്തരവുകൾ പ്രകാരം നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. വന്യജീവി ആക്രമണം മൂലം ജീവഹാനി, പരിക്ക്, സ്വത്ത്നാശം, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 05.04.2018-ലെ സ.ഉ.നം. (കൈ) 17/2018/വനം എന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെൻറുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കാടിന് പുറത്തേക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു. കഴിഞ്ഞ നാല് വർഷം കൃഷിനാശത്തിന് നൽകിയ നഷ്ടപരിഹാരത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു: - |
| (ബി) | മഞ്ചേരി മണ്ഡലത്തിലെ എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ മൂന്നാടി പ്രദേശത്തു ആന, | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൂന്നാടി, എടപ്പറ്റ പ്രദേശങ്ങളിലെ വന്യമൃഗശല്യം സംബന്ധിച്ച് |

| | | | |
|---|---|---|---|
| | പുലി, പന്നി തുടങ്ങിയ വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കുമോ; | | പരിശോധനകൾ നടത്തുകയും ചെയ്യുന്നുണ്ട്. ടി പ്രദേശത്തോട് സമീപമുള്ള സൈലൻറ് വാലി ബഫർ സോണിന്റെ അതിർത്തിയായ പറയമ്മോട് ഭാഗത്ത് കാട്ടാനകൾ ഇറങ്ങിവരുന്നത് തടയുന്നതിന് വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്. ആയതിനെ തുടർന്ന് ഈ വർഷം കാര്യമായ വന്യമൃഗശല്യം റിപ്പോർട്ട് ചെയ്തിട്ടില്ല. എടപ്പറ്റ പഞ്ചായത്തിൽ നിലവിൽ മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി ജനജാഗ്രതാ സമിതി നിലവിലുണ്ട്. എടപ്പറ്റയുടെ സമീപ പ്രദേശങ്ങളായ പൂൽവെട്ട, പുളിയക്കോട് എന്നിവിടങ്ങളിലായി കൃഷിനാശം വരുത്തുന്ന 4 കാട്ടുപന്നികളെ വെടിവെച്ചുകൊന്നിട്ടുണ്ട്. |
| (സി) | പ്രസ്തുത കാര്യത്തിന് പരിഹാരം കാണാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൂന്നാടി, എടപ്പറ്റ പ്രദേശങ്ങളിലെ വന്യമൃഗശല്യം സംബന്ധിച്ച് പരിശോധനകൾ നടത്തുകയും ചെയ്യുന്നുണ്ട്. ടി പ്രദേശത്തോട് സമീപമുള്ള സൈലൻറ് വാലി ബഫർ സോണിന്റെ അതിർത്തിയായ പറയമ്മോട് ഭാഗത്ത് കാട്ടാനകൾ ഇറങ്ങിവരുന്നത് തടയുന്നതിന് വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്. ആയതിനെ തുടർന്ന് ഈ വർഷം കാര്യമായ വന്യമൃഗശല്യം റിപ്പോർട്ട് ചെയ്തിട്ടില്ല. എടപ്പറ്റ പഞ്ചായത്തിൽ നിലവിൽ മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി ജനജാഗ്രതാ സമിതി നിലവിലുണ്ട്. എടപ്പറ്റയുടെ സമീപ പ്രദേശങ്ങളായ പൂൽവെട്ട, പുളിയക്കോട് എന്നിവിടങ്ങളിലായി കൃഷിനാശം വരുത്തുന്ന 4 കാട്ടുപന്നികളെ വെടിവെച്ചുകൊന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| വർഷം | ലഭിച്ച അപേക്ഷകളുടെ എണ്ണം | അനുദിച്ച അപേക്ഷകളുടെ എണ്ണം | അനുവദിച്ച തുക (രൂപ) |
|---|---|---|---|
| 2017-18 | 6508 | 5698 | 39382446 |
| 2018-19 | 7347 | 6149 | 46765633 |
| 2019-20 | 7317 | 5529 | 38470502 |
| 2020-21 | 7021 | 3163 | 19802655 |
| **ആകെ** | **28,193** | **20,539** | **14,44,21,236** |